**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 329** **28-06-2024 - ൽ മറുപടിയ്ക്ക്**

**തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ,<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടത്തുന്ന വിവിധ തലങ്ങളിലുള്ള ഇടപെടലുകളുടെ ഫലമായി കഴിഞ്ഞ ആറു വർഷം കൊണ്ട് തൊഴിലില്ലായ്മ നിരക്കിലുണ്ടായിട്ടുള്ള വ്യത്യാസം വ്യക്തമാക്കുമോ; | (എ) | രാജ്യത്തെ തൊഴിൽ പങ്കാളിത്തം, തൊഴിലില്ലായ്മ എന്നിവയെ കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ നിലവിൽ പ്രധാനമായും ലഭിക്കുന്നത് നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് (എൻ.എസ്.ഒ) 2017 മുതൽ രാജ്യ വ്യാപകമായി സംഘടിപ്പിക്കുന്ന പീരിയോഡിക് ലേബർ ഫോഴ്സ് സർവേ (PLFS) യിലൂടെയാണ്. എൻ.എസ്.ഒ പ്രസിദ്ധീകരിച്ചിട്ടുള്ള 2017-18 മുതൽ 2022-23 വർഷം വരെയുള്ള പീരിയോഡിക് ലേബർ ഫോഴ്സ് സർവേയുടെ വാർഷിക റിപ്പോർട്ടുകൾ പ്രകാരം സംസ്ഥാനത്തെ ഗ്രാമ നഗര പ്രദേശങ്ങളിലെ തൊഴിലില്ലായ്മ നിരക്കിൽ 4.4 ശതമാനം കുറവ് വന്നിട്ടുണ്ട്. തൊഴിലില്ലായ്മ നിരക്ക് 2017-18 ൽ (2017 ജൂലൈ മുതൽ 2018 ജൂൺ വരെ) 11.4 ശതമാനമായിരുന്നത് 2022-23 ൽ (2022 ജൂലൈ മുതൽ 2023 ജൂൺ വരെ) 7 ശതമാനമായി കുറഞ്ഞിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2024 മാർച്ച് 31 വരെ ആകെ 26,55,736 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിന്റെ ദേശീയ ശരാശരി നിരക്ക് നിലവിൽ എത്രയാണെന്നറിയിക്കുമോ; | (ബി) | നാഷണൽ സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് പ്രസിദ്ധീകരിച്ച പീരിയോഡിക് ലേബർ ഫോഴ്സ് സർവേയുടെ 2022-23 ലെ വാർഷിക റിപ്പോർട്ട് പ്രകാരം ദേശീയ തൊഴിലില്ലായ്മ നിരക്ക് 3.2 ശതമാനമാണ്. |
| (സി) | പരമ്പരാഗത തൊഴിലുകൾക്കപ്പുറം ലോകത്ത് സൃഷ്ടിക്കപ്പെടുന്ന വിജ്ഞാന തൊഴിലവസരങ്ങൾക്ക് കൂടി അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി രൂപീകരിച്ച കേരള നോളജ് ഇക്കോണമി മിഷന് | (സി) | പരമ്പരാഗത തൊഴിലുകൾക്കപ്പുറം ലോകത്തു സൃഷ്ടിക്കപ്പെടുന്ന വിജ്ഞാന തൊഴിലവസരങ്ങൾക്കു കൂടി അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി കേരള ഡെവലപ്മെന്റ് & ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ന്റെ കീഴിൽ രൂപീകരിച്ച |

| | | | |
|---|---|---|---|
| | അതിന്റെ ലക്ഷ്യ പ്രാപ്തിയിലേയ്ക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | | കേരള നോളജ് ഇക്കോണമി മിഷൻ കേരളത്തെ ഒരു വിജ്ഞാനാധിഷ്ഠിത സമൂഹമാക്കി മാറ്റാൻ സാധിക്കുന്ന തരത്തിൽ അഞ്ചുവർഷ കാലയളവിനുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങൾ ലഭ്യമാക്കി ലോകമെമ്പാടുമുള്ള വിജ്ഞാന തൊഴിലുകളിലേക്ക് എത്തിപ്പെടുവാൻ സംസ്ഥാനത്തെ തൊഴിൽ അന്വേഷകർക്കു വഴിയൊരുക്കാനാണ് ലക്ഷ്യമിടുന്നത്.<br><br>സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് വിജ്ഞാനാധിഷ്ഠിതമായ, സ്ഥിരമോ താല്കാലികമോ ഫ്രീലാൻസ് മാതൃകയിലുള്ളതോ ആയ തൊഴിലുകൾ കണ്ടെത്തുന്നതിനായി തൊഴിലന്വേ ഷകരേയും തൊഴിൽ ദാതാക്കളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി കേരള നോളേജ് ഇക്കോണമി മിഷൻ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന ഇലക്ട്രോണിക് പ്ലാറ്റ്ഫോമിന് രൂപം നൽകിയിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെയാണ് ഈ പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുള്ളത്. തൊഴിൽ ദായകരായ സ്വദേശത്തും വിദേശത്തും ഉള്ള സ്ഥാപനങ്ങളെയും ജോബ് അഗ്രിഗേറ്റർ ആയി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും ഒരു വശത്തും തൊഴിൽ അന്വേഷകരായ അഭ്യസ്ത വിദ്യരായ കേരളീയരെ മറുവശത്തും അണിനിരത്തി പരസ്പരം സംവദിക്കുവാൻ അവസരം സൃഷ്ടിക്കുന്ന തരത്തിലാണ് DWMS രൂപകൽപന ചെയ്തിട്ടുള്ളത്. വിവിധ സേവനങ്ങൾ ലഭ്യമാക്കുവാൻ കഴിയുന്ന ഏജൻസികളുടെ സമന്വയം സാധ്യമാകുന്ന തരത്തിൽ ഒരു 'പ്ലാറ്റ്ഫോം ഓഫ് പ്ലാറ്റ്ഫോം' ആയി പ്രവർത്തിക്കുന്നതിലൂടെ DWMS-ന്റെ ഉപയോഗക്ഷമത വളരെ വലുതാണ്. തൊഴിലന്വേഷകർക്ക് അഭിരുചിയ്ക്കനു സരിച്ച മെച്ചപ്പെട്ട തൊഴിലവസരങ്ങൾ ലഭ്യമാകാനുതകുന്ന തരത്തിൽ നൈപുണ്യ പരിശീലന സഹായങ്ങളും കരിയർ സഹായ പരിപാടികളും ഇന്റേൺഷിപ്പ്, അപ്രെന്റിസ്ഷിപ്പ് എന്നിവയുമുള്ള സൗകര്യങ്ങളും DWMS പ്ലാറ്റ്ഫോം മുഖാന്തിരം നൽകുന്നുണ്ട്.<br><br>• DWMS പ്ലാറ്റ്ഫോമിൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ ദാതാക്കളുടെ എണ്ണം (24/06/2024-ലെ കണക്ക് പ്രകാരം) - 6317<br>• നാളിതു വരെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുള്ള തൊഴിൽ അവസരങ്ങൾ (24/06/2024-ലെ കണക്ക് പ്രകാരം) - 11,58,393<br>• 2023-2024 സാമ്പത്തിക വർഷത്തിൽ DWMS പ്ലാറ്റ്ഫോമിലൂടെ 10,45,523 (പത്തു |

| | | | |
|---|---|---|---|
| | | | ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ്റി ഇരുപത്തി മൂന്ന്) തൊഴിൽ അവസരങ്ങൾ അപേക്ഷകർക്കായി ലഭ്യമാക്കുവാൻ സാധിച്ചു.<br>• 2023-2024 സാമ്പത്തിക വർഷാവസാനം കേരള നോളജ് ഇക്കോണമി മിഷനും പാർട്നർ ഏജൻസികളും ചേർന്ന് 1,06,025 (ഒരു ലക്ഷത്തി ആറായിരത്തി ഇരുപത്തിയഞ്ച്) പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.<br>• 2023 - 2024 സാമ്പത്തിക വർഷാവസാനം വരെ കേരള നോളജ് ഇക്കോണമി മിഷനും പാർട്ണർ ഏജൻസികളും ചേർന്ന് 35,853 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. |
| (ഡി) | കെ-ഡിസ്കും കുടുംബശ്രീയുമായി ചേർന്ന് സംസ്ഥാനത്ത് നടത്തിയ തൊഴിൽ സർവ്വേയുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കെ-ഡിസ്ക്കും കുടുംബശ്രീയുമായി ചേർന്ന് സംസ്ഥാനത്തു നടത്തിയ തൊഴിൽ സർവ്വേ "ജാലകം" എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് നടത്തിയത്. ഇതിനായി പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകർ സംസ്ഥാനത്തെ 81 ലക്ഷം കുടുംബങ്ങൾ സന്ദർശിക്കുകയുണ്ടായി. ആകെ 53 ലക്ഷത്തിൽപരം തൊഴിൽ അന്വേഷകരെ ഈ സർവ്വേയിലൂടെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ